**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4342** **09-08-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി രണ്ട് കോടി അമ്പത് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ടോ; വർക്ക് ഓർഡർ നൽകിയ തീയതി വ്യക്തമാക്കാമോ; | (എ) | കരാറുകാരന് 23/12/2020 തീയതിയിൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | പ്രവൃത്തി നടത്തേണ്ട സ്ഥലത്തെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടിക്രമം തുടരുന്നതിനാലാണ് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാത്തത്. |
| (സി) | പുതിയ കെട്ടിടം നിർമ്മിക്കേണ്ട സ്ഥലം കരാറുകാരന് റവന്യൂ വകുപ്പ് കൈമാറിയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പ്രസ്തുത സ്ഥലത്തെ മരത്തിന്റെ വില നിശ്ചയിച്ച്, അവ മുറിച്ചു മാറ്റുന്നതിന് സോഷ്യൽ ഫോറസ്ട്രിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തീയതി വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. കണ്ണൂർ അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ 22/07/20 തീയതിയിലെ ജി.826/20(1) (എൽ.ഡിസ്) നമ്പർ കത്ത് പ്രകാരം വില നിശ്ചയിച്ചിട്ടുണ്ട്. |
| (ഇ) | പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടത്തേണ്ടത് ആരാണെന്നും, ടെണ്ടർ നടപടി വൈകുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ ? | (ഇ) | കോഴിക്കോട് പൊതുമരാമത്ത് കെട്ടിടവിഭാഗം ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നുമാണ് ടെണ്ടർ നടപടി സ്വീകരിക്കേണ്ടത്. ടെണ്ടർ നടപടി പൂർത്തിയായി 18 മാസ കാലാവധിയോടെ പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 12.01.2021-ന് കരാറുകാരൻ എഗ്രിമെന്റ് വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ